എസ്.എസ്.ഐ. യൂണിറ്റുകൾ

145(2346) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എസ്.എസ്.ഐ. യൂണിറ്റുകൾ രജിസ്റ്ററർ ചെയ്തിട്ടുണ്ട്, ജില്ലതിരിച്ച് വിശദവിവരം നൽകുമോ;

(ബി) നടപ്പു വർഷം രജിസ്റ്ററർ ചെയ്ത യൂണിറ്റുകളുടെ വിവരം ജില്ലതിരിച്ച് നൽകുമോ?

ഉത്തരം

(എ) 2006-ൽ കേന്ദ്ര സർക്കാർ ആരംഭിച്ച എം.എസ്.എം.ഇ.ഡി ആക്ട് 2006 പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഇ.എം. പാർട്ട് I, പാർട്ട് II യൂണിറ്റുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു. *

(ബി) നടപ്പു വർഷം രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. *

ഇണി വ്യവസായ പാർക്ക്

146(2347) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-14-ലെ ബഡ്ജറ്റിൽ പ്രഖാപിച്ച കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള കഞ്ചിക്കോട് ഇണി വ്യവസായ പാർക്ക് ലക്ഷ്യമിട്ട തരത്തിൽ പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് പദ്ധതി പ്രകാരം ടെക്സ്റ്റൈൽ/ഇണി മേഖലയിലുള്ള വ്യവസായ സംരംഭകരുടെ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കേണ്ടത്. സംരംഭകർ ക്ലസ്റ്റർ രൂപീകരിക്കുകയും പ്രസ്തുത ക്ലസ്റ്റർ പദ്ധതിയിൽ മുതൽമുടക്കുകയും ചെയ്താലേ കേന്ദ്ര സഹായം ലഭിക്കുമായിരുന്നുള്ളൂ. ഇപ്രകാരം ക്ലസ്റ്റർ രൂപീകരിക്കുന്നതിന് വ്യവസായ സംരംഭകരെ ലഭിക്കാത്തതു കാരണം കഞ്ചിക്കോട് ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് പദ്ധതി ലക്ഷ്യമിട്ട രീതിയിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. തുടർന്ന് ഈ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നിരവധി വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly